5. 1995-നു ശേഷം അദാലത്ത് ഉത്തരവ് വഴി നിലവിൽ വന്ന എല്ലാ തണ്ടപ്പേരുകളും പരിശോധിച്ച് സർക്കാർ ഭൂമി നഷ്ടപ്പെട്ടിട്ടുണ്ടോയെന്നും അനധികൃതമായി തണ്ടപ്പേര് പിടിച്ചിട്ടുണ്ടോ എന്നും എല്ലാ വില്ലേജിലും സമഗ്രമായ പരിശോധന നടത്തേണ്ടതാണ്.

(ഇ) റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ചുവരുന്നു. ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ വിവിധ ഘട്ടങ്ങളിൽ നടന്നുവരുന്നു.

അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ സേവന-വേതന പ്രശ്നങ്ങൾ

16 (*406) ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. എം. എം. മോനായി :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ സേവന-വേതന പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) സേവന- വേതന വ്യവസ്ഥകളിലെ പ്രശ്നങ്ങൾ സംബന്ധിച്ച് കമ്മിറ്റിയുടെ കണ്ടെത്തലുകൾ വ്യക്തമാക്കുമോ ;

(സി) കമ്മിറ്റിയുടെ ശുപാർശകൾ എന്തെല്ലാമാണ് ;

(ഡി) ശുപാർശകൾ നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ഇ) അൺഎയ്ഡഡ് സ്കൂളുകളിലെ അമിതമായ ഫീസ് നിരക്ക് കുറയ്ക്കുന്നതിനായി മാനേജുമെന്റുകളുമായി സർക്കാർ ചർച്ച നടത്തുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) ഉണ്ട്.

(ബി&സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി&ഇ) ആദ്യ ഘട്ടമായി നിലവിലുള്ള അദ്ധ്യാപകരുടെ വേതന ഘടനയും വിദ്യാർത്ഥികളുടെ ഫീസ് ഘടനയും ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനഃക്രമീകരിക്കാനുള്ള നീക്കം നടന്നുകൊണ്ടിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly